REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ആഭ്യന്തരമന്ത്രി അമിത്ഷാ പങ്കെടുക്കുന്ന BJP ജനപ്രതിനിധികളുടെ സംഗമം തിരുവനന്തപുരത്ത് തുടങ്ങി.
- മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ പിണറായി വിജയൻ പങ്കെടുക്കുന്ന പാർട്ടി ജില്ലാ നേതൃയോഗം കോഴിക്കോട്ടും ആരംഭിച്ചു.
- ISRO-യുടെ ഈ വർഷത്തെ ആദ്യ ഉപഗ്രഹ വിക്ഷേപണദൗത്യം PSLV 'അന്വേഷ' നാളെ രാവിലെ വിക്ഷേപിക്കും.
- ശബരിമല മകരവിളക്കിന് രണ്ടുനാൾ ശേഷിക്കെ പർണശാലകൾ ഒരുക്കി തീർഥാടകർ. എരുമേലിയിൽ പേട്ടതുള്ളൽ ആരംഭിച്ചു.
- ഇന്ത്യാ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് ഗുജറാത്തിലെ വഡോദരയിൽ.

## വാർത്തകൾ വിശദമായി

തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച സംസ്ഥാനത്തെ BJP ജനപ്രതിനിധികളുടെ സംഗമത്തെ തിരുവനന്തപുരത്ത് മുതിർന്ന പാർട്ടി നേതാവും ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ അഭിസംബോധന ചെയ്തു.. ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തിയ അദ്ദേഹം രാവിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തി.

ഉച്ചക്ക് ശേഷം കേരള കൗമുദി കോൺക്ലേവിനെ അഭിസംബോധന ചെയ്യുന്ന അമിത് ഷാ വൈകിട്ട് അഞ്ചിന് ചേരുന്ന NDA നേതൃയോഗത്തിലും, BJP

കോർകമ്മിറ്റി യോഗത്തിലും പങ്കെടുത്ത്, നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകും. രാത്രി ഏഴോടെ ആഭ്യന്തരമന്ത്രി ഡൽഹിക്ക് മടങ്ങും.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കറിന്റെ ഫ്രാൻസ് - ലക്സംബർഗ് സന്ദർശനം സമാപിച്ചു. സന്ദർശന വേളയിൽ DR. ജയ്ശങ്കർ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായും, വിദേശകാര്യ മന്ത്രി ജീൻ നോയൽ ബാരറ്റുമായും ഉഭയകക്ഷി ചർച്ചകൾ നടത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ഇന്ത്യ-ഫ്രാൻസ് നവീകരണ വർഷത്തോടനുബന്ധിച്ച് സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പുകൾ, ആരോഗ്യം, വിദ്യാഭ്യാസം, മൊബിലിറ്റി എന്നീ മേഖലകൾ കൂടിക്കാഴ്ചയിൽ ചർച്ചാ വിഷയമായി. പ്രതിരോധം, സുരക്ഷ, ബഹിരാകാശം, സിവിൽ- ആണവ, സമുദ്ര സുരക്ഷ, സമ്പദ്‌വ്യവസ്ഥ, ആഗോള വികസനങ്ങൾ എന്നീ തന്ത്രപരമായ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലെ സഹകരണത്തെക്കുറിച്ചും നേതാക്കൾ ചർച്ച ചെയ്തു.

✪✪✪

ന്യൂഡൽഹിയിൽ 56-ാമത് ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിളിൽ കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. രാജ്യത്ത വികസിത് ഭാരത് യുവ നേതാക്കളും പരിപാടിയുടെ ഭാഗമായി. നേതൃ ഗുണങ്ങളിൽ സന്തുലിതാവസ്ഥ അനിവാര്യമാണെന്നും സൈക്ലിംഗ് ബാലൻസിംഗ് പഠിപ്പിക്കുന്നുവെന്നും സമ്മേളനത്തിൽ കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ പിണറായി വിജയൻ പങ്കെടുക്കുന്ന പാർട്ടി ജില്ലാ നേതൃയോഗം കോഴിക്കോട്ട് തുടങ്ങി. ഉച്ചകഴിഞ്ഞും യോഗം തുടരും. LDF കൺവീനർ TP രാമകൃഷ്ണനും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പിലെ തിരിച്ചടികളും നിയമസഭാ തെരഞ്ഞെടുപ്പ് സംബന്ധമായ കാര്യങ്ങളും യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

ISRO-യുടെ ഈ വർഷത്തെ ആദ്യ ഉപഗ്രഹ വിക്ഷേപണദൗത്യമായ PSLV - C-62 EOS - N1, 'അന്വേഷ' നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ സ്പേസ് സെന്ററിൽ നിന്ന് രാവിലെ 10.17 നാണ് വിക്ഷേപണം.

✪✪✪

മത്സരപരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കോ, നൈപുണ്യ പരിശീലനം നേടുന്നവർക്കോ നൽകുന്ന ഗവൺമെന്റ് ധനസഹായ പദ്ധതി "കണക്ട് ടു വർക്ക്" ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. അർഹരായ പ്ലസ് ടു പാസ്സായവർക്ക് പ്രതിമാസം 1,000 രൂപ വീതം ഒരു വർഷം വരെ പദ്ധതിയിലൂടെ ലഭിക്കും.

✪✪✪

ഈ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 12,000 കോടി രൂപയുടെ വായ്പാനുമതിയിൽ കേന്ദ്രഗവൺമെന്റ് 5,900 കോടി രൂപ ഏകപക്ഷീയമായി വെട്ടിക്കുറച്ചെന്ന് മന്ത്രി P രാജീവ് ആരോപിച്ചു. കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പേരിൽ വാദങ്ങൾ ഉന്നയിച്ച് ഈ വർഷം 17,000 കോടി രൂപയുടെ കടാനുമതി നിഷേധിച്ചെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കേന്ദ്രനയം സംസ്ഥാനത്തെ ഓരോ പൗരന്റെയും ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ്-കണക്ക് നാളെ സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. കണക്ക് സമർപ്പിക്കാത്തവർ കമ്മീഷന്റെ ഉത്തരവ് തീയതി മുതൽ 5 വർഷത്തേക്ക് അയോഗ്യരായി തീരുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷണർ മുന്നറിയിപ്പ് നൽകി. ചെലവ് കണക്ക് ഓൺലൈനിൽ സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും, വിഡിയോയും കമ്മീഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ടും നൽകാം. പത്രികാസമർപ്പണം മുതൽ വോട്ടെണ്ണൽ വരെ നടത്തിയ ചെലവ് കണക്കാണ് സമർപ്പിക്കേണ്ടത്.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് വാർഡുകളിലേക്ക് വോട്ടെടുപ്പ് നാളെ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. രാവിലെ 7 മുതൽ വൈകീട്ട് 6 വരെയാണ് വോട്ടെടുപ്പ്.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം, മലപ്പുറം ജില്ലയിലെ മൂത്തേടം - പായിമ്പാടം, എറണാകുളം ജില്ലയിലെ പാമ്പാക്കുട-ഓണക്കൂർ, എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ്. ചൊവ്വാഴ്ചയാണ് വോട്ടെണ്ണൽ.

✪✪✪

യുവതി നൽകിയ പീഡനപരാതിയെ തുടർന്ന് കസ്റ്റഡിയിലെടുത്ത രാഹുൽ മാങ്കൂട്ടത്തിൽ MLAയെ പത്തനംതിട്ട AR ക്യാമ്പിൽ എത്തിച്ച് ചോദ്യം ചെയ്തു. കേസിന്റെ ചുമതല വഹിക്കുന്ന SP- G പൂങ്കുഴലിയുടെ നേതൃത്വത്തിലായിരുന്നു ചോദ്യം ചെയ്യൽ. തുടർന്ന് രാഹുലിനെ പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ച് വൈദ്യ പരിശോധനയ്ക്ക് വിധേയനാക്കി. ർച്ചെ AR ക്യാമ്പിൽ എത്തിക്കുകയായിരുന്നു.

✪✪✪

രാഹുൽ മാങ്കുട്ടത്തിലിനോട് MLA സ്ഥാനം രാജിവെയ്ക്കാൻ കോൺഗ്രസ് ആവശ്യപ്പെടണമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ ആവശ്യപ്പെട്ടു. കോൺഗ്രസ് പാർട്ടിയുടെ ഭാഗമാണ് അദ്ദേഹത്തിന് ലഭിച്ച പദവിയെന്നും TP രാമകൃഷ്ണൻ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

സ്ത്രീകൾക്ക് കേരളത്തിൽ സുരക്ഷ ഉണ്ടെന്ന് വ്യക്തമാകുന്നതാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരായ നടപടിയെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P സതീദേവി മാധ്യമങ്ങളോട് പറഞ്ഞു. ജനപ്രതിനിധി ആണ് കേസിൽ പിടിയിലായത്. രാഹുലിനെതിരായി ലഭിച്ച പരാതികൾ വനിതാ കമ്മീഷൻ പോലീസിന് കൈമാറിയിരുന്നുവെന്നും സതീദേവി അറിയിച്ചു.

✪✪✪

ജന ശ്രദ്ധയാകർഷിച്ച പാലക്കാട് ചാലിശ്ശേരിയിലെ ദേശീയ സരസ് മേള ഇന്ന് സമാപിക്കും. വൈകീട്ട് നാലിന് മന്ത്രി KN.ബാലഗോപാൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

പാലക്കാട് നിന്ന് ഫൈസൽ അലി മുത്ത്

.....വോയ്സ്......

പത്ത് ദിവസം നീണ്ടു നിന്ന മേളയ്ക്കാണ് ഇന്ന് സമാപനമാകുന്നത്. രണ്ടാം തിയതി മുഖ്യമന്ത്രി പിണറായി വിജയനാണ് ദേശീയ സരസ് മേള ഉത്ഘാടനം ചെയ്തത്. മന്ത്രി എം.ബി.രാജേഷിന്റെ നേതൃത്വത്തിൽ 17 ഉപ കമ്മറ്റികളാണ് മേളയുടെ വിജയത്തിനായി പ്രവർത്തിച്ചത്. കോളേജ് വിദ്യാർത്ഥികൾ യൂത്ത് ക്ലബ്ബ് അംഗങ്ങൾ ഹരിതകർമ്മ സേന അംഗങ്ങൾ തുടങ്ങി 250 തിലധികം

വളണ്ടിയർമാരാണ് മുഴുവൻ സമയവും സേവന സന്നദ്ധരരായി ഉണ്ടായിരുന്നത്. 60 ഓളം പോലീസ് ഉദ്യഗസ്ഥർ മേളയ്ക്ക് സുരക്ഷാ ഒരുക്കി.സംസ്ഥാനത്തിന് അകത്തു പുറത്തു നിന്നുമായി നിരവധി സ്ത്രീ സ്വയം സഹായ സഹകരണ സംഘങ്ങൾ സരസ് മേളയുടെ ഭാഗമായി.ജനകീയ പങ്കാളിത്തത്തോടൊപ്പം ഏറ്റവും കൂടുതൽ വില്പന വരുമാനവും ഉണ്ടാക്കിയാണ് ചാലിശ്ശേരിയിൽ നടന്ന ദേശീയ സരസ് മേള സമാപിക്കുന്നത്.

✪✪✪

ശബരിമലയിൽ മകരവിളക്കിനു രണ്ടുനാൾ മാത്രം ബാക്കി നിൽക്കെ പർണശാലകൾ ഒരുക്കി തീർഥാടകർ. എരുമേലിയിൽ പേട്ടതുള്ളൽ ആരംഭിച്ചു. പന്തളത്തുനിന്നു നാളെ പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്രക്ക് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ,

......വോയ്സ്.....

മകരവിളക്ക് മഹോത്സവത്തിനു രണ്ടു നാൾമാത്രം ശേഷിക്കേ അയ്യപ്പഭക്തർ സന്നിധാനത്തിന്റെ പരിസരപ്രദേശങ്ങളിലായി പർണശാലകൾ ഒരുക്കി ജ്യോതി ദർശനത്തിനായുള്ള തയാറെടുപ്പുകൾ തുടങ്ങികഴിഞ്ഞു

സന്നിധാനത്ത് പതിവിനുവിപരീതമായി തിരക്ക് വളരെകുറഞ്ഞ ദിനമാണ് ഇന്ന്. ഇന്നലെ രാത്രി നട അടച്ചതുമുതൽ ഇന്നു രാവിലെ 11വരെ 26422 തീർഥാടകരാണു ദർശനം നടത്തിയത്. ഇതിൽ 3432 പേർ സ്പോട്ട് ബുക്കിംഗിലൂടെ ദർശനം നടത്തി.

മകരവിളക്കുകാലത്തെ പ്രധാന ചടങ്ങുകൾക്ക് തുടക്കം കുറിച്ച് എരുമേലി പേട്ടതുള്ളൽ ആരംഭിച്ചു. രാവിലെ അമ്പലപ്പുഴ സംഘത്തിന്റേ പേട്ടതുള്ളൽ നടന്നു. ഉച്ചയ്ക്ക് മൂന്നോടെ ആലങ്ങാട്ട് സംഘത്തിന്റെയും പേട്ടതുള്ളൽ നടക്കും. രണ്ടു ദിനങ്ങളിലായി നടക്കുന്ന ശുദ്ധിക്രിയകൾക്ക് സന്നിധാനത്ത് നാളെ തുടക്കമാകും.മകരവിളക്കിന് അയ്യപ്പവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങളും വഹിച്ചുള്ള ഘോഷയാത്ര പന്തളം വലിയ കോയിക്കൽ ധർമശാസ്താ ക്ഷേത്രത്തിൽ നിന്നും നാളെ ഉച്ചയ്ക്ക് ഒന്നിനു പുറപ്പെടും. രാജപ്രതിനിധി പുണർതം നാൾ നാരായണ വർമ്മക്കൊപ്പം ഗുരുസ്വാമി മരുതുമന ശിവൻകുട്ടിയുടെ നേതൃത്വത്തിൽ 26 പേരും 4 സഹായികളുമടങ്ങുന്ന പേടകവാഹകസംഘമാണ് തിരുവാഭരണം ശബരിമലയിലെത്തിക്കുക. ഇതിനായിവേണ്ട എല്ലാ ഒരുക്കങ്ങളും പന്തളത്ത് പൂർത്തിയായിക്കഴിഞ്ഞു.

✪✪✪

ശബരിമല മകരവിളക്കിനോട് അനുബന്ധിച്ച് ഓൺലൈൻ മുറി ബുക്കിംഗ് ഇന്നാരംഭിക്കും. നാളെ മുതൽ മകരവിളക്ക് ദിവസം വരെ ശബരിമല സന്നിധാനത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന അയ്യപ്പഭക്തർക്ക് മുറി ഓൺലൈനിൽ ബുക്ക് ചെയ്യാം. WWW.ONLINETDB.COM എന്ന വെബ്സൈറ്റ് വഴിയാണ് ബുക്ക് ചെയ്യേണ്ടത്.

✪✪✪

ഇരിങ്ങൽ സർഗാലയയിൽ അന്താരാഷ്ട്ര കരകൗശലമേളയ്ക്ക് ഇന്ന് സമാപനമാകും. 20 ദിവസം നീണ്ടു നിന്ന കരകൗശലമേളയുടെ സമാപന സമ്മേളനം മന്ത്രി OR  കേളു ഉദ്ഘാടനം ചെയ്യും.

✪✪✪

അധ്യാപകരുടെ അർഹമായ ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കുന്നതിലൂടെ സംസ്ഥാന ഗവൺമെന്റ് അധ്യാപകസമൂഹത്തെ വഞ്ചിക്കുകയാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആരോപിച്ചു. കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ചക്കരക്കല്ലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ-ടെറ്റ് ഉൾപ്പെടെ വിഷയങ്ങളിൽ ഗവൺമെന്റ് ഒളിച്ചുകളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കേരളത്തെയും കർണാടകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണൂർ ഇരിട്ടി മാക്കൂട്ടം-ചുരം അന്തർ സംസ്ഥാന പാതയുടെ നവീകരണം രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് വീരാജ്പേട്ട MLA-യും കർണാടക മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവുമായ AS പൊന്നണ്ണ പറഞ്ഞു. ചുരം റോഡിന്റെ നവീകരിച്ച ഭാഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു പൊന്നണ്ണ.

✪✪✪

തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രികഴകം സംഘടിപ്പിച്ച പരിപാടിയിലെ തിക്കിലും തിരക്കിലും പെട്ട് 41 പേർ മരിക്കാനിടയായ സംഭവത്തിൽ നടൻ വിജയ് CBI ക്ക് മുമ്പാകെ ഇന്ന് ഹാജരാകും. CBI നൽകിയ സമൻസിനെ തുടർന്നാണിത്.

✪✪✪

ഇന്ത്യാ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം  ഉച്ചയ്ക്ക് ഒന്നരയ്ക്ക് ഗുജറാത്തിലെ വഡോദരയിൽ ആരംഭിക്കും. ബറോഡ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.  ട്വന്റി - 20 ലോകകപ്പിനും IPL നും മുൻപ്, ഇന്ത്യയുടെ അവസാന ഏകദിന പരമ്പരയാണിത്.

രണ്ടാം ഏകദിനം ബുധനാഴ്ച രാജ്കോട്ടിലെ നിരഞ്ജൻഷാ സ്റ്റേഡിയത്തിലും മൂന്നാമത്തെയും അവസാനത്തേയും മത്സരം ഈ മാസം 18ന് ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിലുമാണ്.

✪✪✪

85-ാമത് അഖിലേന്ത്യ അന്തർസർവകലാശാല  അത്‌ലറ്റിക് മീറ്റിന് നാളെ മംഗലാപുരത്തിനടുത്ത് മൂഡബിദ്രിയിൽ തുടക്കമാകും. അഞ്ച് ദിവസത്തെ മീറ്റിൽ 315 സർവകലാശാലകളിൽ നിന്ന് 4000-ത്തിൽ പരം കായിക താരങ്ങൾ പങ്കെടുക്കും.

✪✪✪

ലോകപര്യടത്തിന്റെ ഭാഗമായി മൂന്ന് ദിവസത്തേക്ക്  ഇന്ത്യയിലെത്തിയ ഫിഫ ഫുട്ബോൾ ലോകകപ്പ് ട്രോഫി  2026  ന്യൂഡൽഹിയിൽ അനാവരണം ചെയ്തു.  കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും മുൻ ബ്രസീലിയൻ ഫുട്ബോൾ താരം ഗിൽബെർട്ടോ ഡിസിൽവയും ചേർന്നാണ് ഇന്നലെ ട്രോഫി അനാവരണം ചെയ്തത്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: ശ്രീജി*
*NRTs: രജ്ന കെ*
*DEO : സി കെ സുബോധ്*